**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3105** **11-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് അരയിടത്തുപാലം - കാരന്തൂർ റോഡ് ഭൂമി ഏറ്റെടുക്കൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് അരയിടത്തുപാലം - കാരന്തൂർ റോഡ് ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിലെ അരയിടത്തുപാലം - കാരന്തൂർ റോഡ് എന്ന പ്രവൃത്തിയ്ക്കായി 30 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും സ്റ്റേച്ച് 2 (മെഡിക്കൽ കോളേജ് _ കാരന്തൂർ ജംഗ്ഷൻ റോഡ്) പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കുന്നതിന് 06.09.2019 തിയതിയിൽ 205 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ അലൈൻമെന്റിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്ന് 05.07.2023 തിയതിയിൽ ബഹു കോഴിക്കോട് നോർത്ത് എം.എൽ.എ യുടെ സാന്നിധ്യത്തിൽ കിഫ്ബിയിൽ കൂടിയ യോഗത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടിക്ക് മെഡിക്കൽ കോളേജ് ജംഗ്ഷൻ വരെ അലൈൻമെന്റ് നീട്ടുന്നതിന് തീരുമാനിക്കുകയുണ്ടായി. ഡിസൈൻ വിഭാഗം തയ്യാറാക്കിയ 24m RoW ഉള്ള അലൈൻമെന്റിൽ Ch 9/025 മുതൽ Ch 10/450 വരെയുള്ള തോടിന്റെ ഭാഗത്തെ അലൈൻമെന്റിന്റെ അന്തിമ തീരുമാനം ലഭിക്കുന്നതിലേക്കായി 15.12.2023 തീയതിയിൽ കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. മെഡിക്കൽ കോളേജ് കാരന്തൂർ റോഡ് ജില്ലയിലെ പ്രധാന റോഡ് ആയതിനാൽ ആയത് 24 മീറ്ററിലേക്ക് വീതി കൂട്ടി വികസിപ്പിക്കേണ്ടത് അത്യാവശ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഫീസിബിലിറ്റി റിപ്പോർട്ട് പ്രകാരം പുതുക്കിയ DPR തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. പ്രവർത്തിക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം റവന്യൂ വിഭാഗത്തിന് നൽകിയിട്ടുണ്ട്. 6(1) notification 20.06.2022-ൽ പ്രസിദ്ധപ്പെടുത്തുകയും അതിർത്തി കല്ലുകൾ സ്ഥാപിച്ച സ്കെച്ച് എൽ.എ തഹസിൽദാർക്കു നൽകുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ Revenue - B Order 03.01.2024-ൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്കായി കണ്ടിൻജൻസി ചാർജ് ഇനത്തിൽ 10 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | 07.11.2022 തീയതിയിലും ബാക്കിയുള്ള 40 ലക്ഷം രൂപ 28.01.2025 തീയതിയിലും കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന്റെ ഭാഗത്തു നിന്നുള്ള നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ വേഗത്തിലാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ